**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 696** **28-06-2022 - ൽ മറുപടിയ്ക്ക്**

**തെരുവുവിളക്കുകളുടെ പരിപാലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തെരുവുവിളക്കുകളുടെ പരിപാലനവും പ്രകാശിപ്പിക്കലുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് കെ.എസ്.ഇ.ബി. നടപ്പിലാക്കുന്നതെന്നും എന്തെല്ലാം പ്രവർത്തനങ്ങളാണ് തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയതെന്നും വിശദമാക്കുമോ; | (എ) | കേടായ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ഉത്തരവാദിത്വം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. സപ്ലൈ കോഡ് 2014 ലെ 102-ാമത് റെഗുലേഷനിലും സ്ട്രീറ്റ് ലൈറ്റുകളുടെ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ലൈസൻസികളുടെ മേൽനോട്ടത്തിൽ നിർവഹിക്കണമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. തിരുവനന്തപുരം കോർപറേഷൻ തുടങ്ങിയ ചുരുക്കം ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ സാധന സാമഗ്രികൾ ലഭ്യമാക്കി അറ്റകുറ്റപ്പണികൾക്ക് ആവശ്യമുള്ള തുക ബോർഡിൽ നിക്ഷേപിച്ച് അറ്റകുറ്റപണികൾ കെ.എസ്.ഇ.ബി.എൽ-നെ കൊണ്ട് ചെയ്യിപ്പിക്കുന്നുണ്ട്.<br><br>സംസ്ഥാനത്ത് തെരുവുവിളക്കുകളുടെ പ്രകാശിപ്പിക്കലും പരിപാലനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ് (കേരളാ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 176. B)<br><br>സംസ്ഥാന സർക്കാർ നടപ്പാക്കുന്ന നിലാവ് പദ്ധതിയിൽ നിലവിലുള്ള പരമ്പരാഗത തെരുവുവിളക്കുകൾ അഴിച്ചു മാറ്റി പകരം പുതിയ എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിച്ചു നൽകുന്ന ജോലി ചെയ്യുന്നത് പദ്ധതി നടപ്പാക്കുന്ന എസ്.പി.വി എന്ന നിലയിൽ കെ.എസ്.ഇ.ബി.എൽ ആണ്. ഇപ്രകാരം കെ.എസ്.ഇ.ബി.എൽ സ്ഥാപിച്ചു നൽകുന്ന എൽ.ഇ.ഡി വിളക്കുകൾ തുടർന്നുള്ള വാറണ്ടി കാലയളവിൽ പരിപാലിക്കേണ്ടത് അതാതു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ്. |

| | | | |
|---|---|---|---|
| | | | തെരുവുവിളക്കുകൾ പരിപാലിക്കുന്നതിന് വേണ്ടി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അവരുടെ തീരുമാനപ്രകാരം കെ.എസ്.ഇ.ബി-യുമായോ മറ്റു സർവ്വീസ് കരാറുകാരുമായോ കരാറിൽ ഏർപ്പെടാവുന്നതാണ്. |
| (ബി) | തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ് ഈടാക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ? | (ബി) | തെരുവുവിളക്കുകൾ കത്തിക്കുന്നതിനുള്ള വൈദ്യുതി ചാർജ് നിലവിൽ രണ്ടു വിധത്തിലാണ് കെ.എസ്.ഇ.ബി.എൽ കണക്കാക്കി വരുന്നത്.<br><br>1. മീറ്ററുകൾ സ്ഥാപിച്ചിട്ടുള്ള തെരുവുവിളക്കുകൾക്കു നിലവിലുള്ള താരിഫ് (LTVIII B) പ്രകാരം, മീറ്ററിന് മാസം 50 രൂപ ഫിക്സഡ് ചാർജും, ചെലവഴിക്കുന്ന ഓരോ യൂണിറ്റിനും 4.30രൂപ നിരക്കിൽ എനർജി ചാർജും കെ.എസ്.ഇ.ബി.എൽ ഈടാക്കുന്നു.<br><br>2. മീറ്ററുകൾ സ്ഥാപിക്കാത്ത തെരുവു വിളക്കുകൾക്ക്, വിളക്കിന്റെ ഇനത്തിന്റെയും വാട്ടേജിന്റെയും ഉപയോഗിക്കുന്ന മണിക്കൂറിന്റെയും അടിസ്ഥാനത്തിൽ, താരിഫ് (LTVIII A) പ്രകാരമാണ് തുക കണക്കാക്കുന്നത്. |

സെക്ഷൻ ഓഫീസർ